ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി. ആദ്യദിനത്തിൽ തന്നെ രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിന് വേദിയായി പാർലമെൻറ്. ലോക്സഭാ നടപടികൾ രണ്ട് മണി വരെ നിർത്തിവച്ചു.

   Monsoon Session Of Parliament Begins Today. Lok Sabha has been adjourned till 2:00 PM amid sloganeering by the opposition members over various issues including discussion on Operation Sindoor.

2) ഓപ്പറേഷൻ സിന്ദൂറിന് ശേഷമുള്ള ആദ്യ പാർലമെൻറ് സമ്മേളനം, വിജയത്തിൻറെ ആഘോഷ വേദിയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said that this monsoon session is a celebration of victory. The Prime Minister was addressing the media before Monsoon Session, which is the first session of Parliament after Operation Sindoor.

3) കണ്ണൂർ സ്വദേശി സി സദാനന്ദൻ മാസ്റ്റർ ഉൾപ്പെടെ അഞ്ച് പേർ ഇന്ന് രാജ്യസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്തു.

   Five Rajya Sabha members including C. Sadanandan Master from Kannur, took oath today.

4) യുപിഐ പണമിടപാടുകളിലൂടെ ഇന്ത്യ അതിവേഗ പേയ്മെന്റ് രംഗത്ത്, ആഗോളതലത്തിൽ വിപ്ലവം സൃഷ്ടിച്ചതായി അന്താരാഷ്ട്ര നാണയ നിധി.

The International Monetary Fund says, India leads the world in fast payments with the Unified Payments Interface recording 18.39 billion transactions in June this year.

5) സംസ്ഥാനത്തെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി സുരക്ഷാ പരിശോധന നടത്തുമെന്നു മന്ത്രി ശിവൻകുട്ടി.

Officials from Kerala Education department will visit schools across the state for safety audit, says Education Minister V. Sivankutty.

6) ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം നാളെ.

The third match in the India-England women's cricket series will be held tomorrow.

*********************

## Parliament adjourned

പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിന് തുടക്കമായി. സമ്മേളനത്തിൻറെ ആദ്യ ദിനത്തിൽ തന്നെ രൂക്ഷമായ പ്രതിപക്ഷ ബഹളത്തിനാണ് സഭ വേദിയായത്. വിവിധ വിഷയങ്ങൾ ഉന്നയിച്ച് പ്രതിപക്ഷ എംപിമാർ സഭയുടെ നടുത്തളത്തിലിറങ്ങിയതോടെ ഇരു സഭകളിലും നടപടിക്രമങ്ങൾ 12 മണിവരെ നിർത്തിവച്ചു. പിന്നീട് നടപടികൾ പുനരാരംഭിച്ചപ്പോഴും, പ്രതിഷേധം തുടർന്നതിനാൽ ലോക്സഭാ നടപടികൾ രണ്ട് മണി വരെ നിർത്തി വച്ചിരിക്കുകായാണ്. രാജ്യസഭയിൽ ചോദ്യോത്തരവേള പുരോഗമിക്കുന്നു. പഹൽഗാം ഭീകരാക്രമണത്തിലും, അഹമ്മദാബാദ് വിമാനാപകടത്തിലും ജീവൻ പൊലിഞ്ഞവർക്ക് വർഷകാല സമ്മേളനത്തിൻറെ ആദ്യ ദിനത്തിൽ പാർലമെൻറ് ആദരം അർപ്പിച്ചു. ആക്സിയം ബഹിരാകാശ ദൗത്യത്തിലൂടെ ഇന്ത്യയ്ക്ക് അഭിമാനമായ

ബഹിരാകാശ യാത്രികൻ ശുഭാൻശു ശുക്ലയ്ക്കും സഭ അഭിനന്ദനങ്ങൾ നേർന്നു.

*********************

## Monsoon Session (INTRO)

ഓപ്പറേഷൻ സിന്ദൂറിന് ശേഷമുള്ള ആദ്യ പാർലമെൻറ് സമ്മേളനത്തിൽ, നിരവധി നിർണായക നടപടിക്രമങ്ങൾക്കായിരിക്കും സഭ വേദിയാവുക. ഇന്ത്യയുടെ സൈനിക ശക്തി ലോകത്തിന് മുന്നിൽ പ്രകടമാക്കിയ ഓപ്പറേഷൻ സിന്ദൂർ 100 ശതമാനം വിജയമായിരുന്നുവെന്ന്, സമ്മേളനത്തിന് മുന്നോടിയായി മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. വിജയത്തിൻറെ ആഘോഷമാണ് വർഷകാല സമ്മേളനമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലോകത്തെ മൂന്നാമത്തെ വലിയ സമ്പദ് വ്യവസ്ഥയായ ഇന്ത്യ അതിവേഗം വളർച്ച പ്രാപിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

മാവോയിസ്റ്റ് തീവ്രവാദത്തെ തുടച്ചു തീക്കുന്നതിൽ സുരക്ഷാ സേനകൾ നടത്തിവരുന്ന ശക്തമായ നടപടികളെക്കുറിച്ചും അദ്ദേഹം മാധ്യമങ്ങളോട് വിശദീകരിച്ചു. നൂറുകണക്കിന് നക്സൽ-ബാധിത ഗ്രാമങ്ങളെ തീവ്രവാദ ഭീഷണിയിൽ നിന്നും വിമുക്തമാക്കാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. വർഷകാല സമ്മേളനത്തിൽ സഭയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് എല്ലാ എംപിമാരുടെയും പിന്തുണയും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു. രാഷ്ട്രീയ താത്പര്യം മറന്ന് ദേശീയ താത്പര്യത്തിനായി ഒരുമിച്ച് നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു. അടുത്തമാസം 21 വരെ നീളുന്ന സമ്മേളനത്തിൽ 21 ദിവസമാണ് സഭ ചേരുക. ജൻ വിശ്വാസ് ഭേദഗതി ബിൽ, ദേശീയ കായിക ഭരണ ബിൽ, മർച്ചന്റ് ഷിപ്പിംഗ് ബിൽ എന്നിവയുൾപ്പെടെ സുപ്രധാന നിയമനിർമ്മാണങ്ങൾ വർഷകാല സമ്മേളനത്തിൽ പാർലമെൻറ് പരിഗണിക്കും.

*********************

## BIRLA-MONSOON SESSION

ദേശീയ താത്പര്യങ്ങളും, ജനാഭിലാഷങ്ങളും
സംരക്ഷിക്കുന്നതിൽ യോജിച്ച്
പ്രവർത്തിക്കണമെന്ന് പാർലമെൻറ് അംഗങ്ങളോട് ആഹ്വാനം
ചെയ്ത് ലോക്സഭാ സ്പീക്കർ ഓം ബിർള. വർഷകാല സമ്മേളനത്തിൽ
സഭാനടപടികൾ തടസ്സം കൂടാതെ പൂർത്തിയാക്കാൻ
സഹകരിക്കണമെന്നും അദ്ദേഹം എംപിമാരോട് അഭ്യർത്ഥിച്ചു.
ക്രിയാത്മകമായ ചർച്ചകളും, ജനാധിപത്യപരമായ
സംവാദങ്ങളുമാണ് സമഗ്ര വികസനത്തിനും, സാമൂഹിക
നീതിക്കും വഴിയൊരുക്കുകയെന്നും അദ്ദേഹം വ്യക്തമാക്കി.
ചർച്ചകളിൽ ഫലപ്രദമായി പങ്കെടുത്ത് രാജ്യത്തിൻറെ
വികസനത്തിൽ പങ്കുചേരണമെന്ന് രാജ്യസഭാധ്യക്ഷൻ ജഗ്ദീപ്
ധൻകർ എംപിമാരോട് അഭ്യർത്ഥിച്ചു.
പരാമർശങ്ങൾക്കിടെ, വ്യക്തിപരമായ ആക്രമണങ്ങൾ
ഒഴിവാക്കണമെന്നും അദ്ദേഹം പറഞ്ഞു.

*********************

## C Sadanandan Oath (INTRO)

രാജ്യസഭ എംപിയായി കണ്ണൂർ സ്വദേശി സി സദാനന്ദൻ മാസ്റ്റർ
സത്യപ്രതിജ്ഞ ചെയ്തു. സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ
മുമ്പാകെ മലയാളത്തിലായിരുന്നു സത്യപ്രതിജ്ഞ.
(ഹോൾഡ്)
വിദ്യാഭ്യാസ മേഖലയിലെ സംഭാവനകളും സാമൂഹിക
പ്രവർത്തകൻ എന്ന നിലയിലെ പ്രവർത്തനങ്ങളും
കണക്കിലെടുത്താണ് സി സദാനന്ദൻ മാസ്റ്ററെ
രാഷ്ട്രപതി രാജ്യസഭാംഗമായി നാമനിർദ്ദേശം
ചെയ്തത്. ഹർഷവർധൻ സിംഗ്ള, മീനാക്ഷി ജെയിൻ, ബീരേന്ദ്ര
പ്രസാദ് ബൈശ്യ തുടങ്ങി അഞ്ച് അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കും
രാജ്യസഭ ഇന്ന് സാക്ഷ്യം വഹിച്ചു.

*********************

## PM - UK MALDIVES VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ യു.കെ., മാൽദീവ്സ് സന്ദർശനത്തിന് ബുധനാഴ്ച തുടക്കം. യു കെ പ്രധാനമന്ത്രി കെയർ സ്റ്റാർമറുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-യുകെ ഉഭയകക്ഷി ബന്ധം സംബന്ധിച്ച നിർണായക ചർച്ചകൾ നേതാക്കൾക്കിടയിൽ നടക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ സമഗ്ര നയതന്ത്ര പങ്കാളിത്തം സംബന്ധിച്ച വിലയിരുത്തലും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. തുടർന്ന് ഈ മാസം 25 ന് മാൽദീവ്സിലെത്തുന്ന പ്രധാനമന്ത്രി, മാൽദീവ്സ് പ്രസിഡന്റ് മുഹമ്മദ് മുയിസുവുമായി കൂടിക്കാഴ്ച നടത്തും. 26 ന് നടക്കുന്ന, മാൽദീവ്സ് സ്വാതന്ത്ര്യ പ്രാപ്തിയുടെ അറുപതാം വാർഷികാഘോഷങ്ങളിൽ ശ്രീ മോദി വിശിഷ്ടാതിഥിയായി പങ്കെടുക്കും.

*********************

## IMF

യുപിഐ പണമിടപാടുകളിലൂടെ ഇന്ത്യ അതിവേഗ പേയ്മെന്റ് രംഗത്ത്, ആഗോളതലത്തിൽ വിപ്ലവം സൃഷ്ടിച്ചതായി അന്താരാഷ്ട്ര നാണയ നിധി. ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ 18.39 ബില്യൺ ഇടപാടുകളാണ് യുപിഐ-യിലൂടെ നടന്നത്. 491 ദശലക്ഷം ഉപയോക്താക്കളും, 65 ദശലക്ഷം വ്യാപാരികളും ഉൾപ്പെട്ട യുപിഐ ശൃംഖല, 675 ബാങ്കുകളെ ഒരൊറ്റ ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെ പരസ്പരം ബന്ധിപ്പിക്കുന്നതായും ഐഎംഎഫ് വ്യക്തമാക്കി. നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ 2016-ൽ ആരംഭിച്ച യുപിഐ, ഒന്നിലധികം ബാങ്ക് അക്കൗണ്ടുകളെ ഒരൊറ്റ മൊബൈൽ ആപ്പിലേക്ക് ലിങ്ക് ചെയ്യാനും. എളുപ്പത്തിൽ ഇടപാടുകൾ നടത്താനും ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു.

*********************

## ELECTRONICS EXPORT

നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ രാജ്യത്തിന്റെ ഇലക്ട്രോണിക്സ് കയറ്റുമതി 47 ശതമാനം വർധിച്ച് 12.41 ബില്യൺ

ഡോളറിലെത്തിയതായി കേന്ദ്രസർക്കാർ. ആഗോള ഉൽപ്പാദന കേന്ദ്രമായി ഇന്ത്യ മാറുന്നുവെന്നതിന്റെ സൂചനയാണിതെന്ന് കേന്ദ്ര വാണിജ്യ മന്ത്രാലയം വ്യക്തമാക്കി. ഏപ്രിൽ-ജൂൺ പാദത്തിൽ യുഎസ്, യുഎഇ, ചൈന എന്നീ രാജ്യങ്ങളിലേക്കാണ് ഇന്ത്യ ഏറ്റവുമധികം കയറ്റുമതി നടത്തിയത്. റെഡിമെയ്ഡ് വസ്ത്രങ്ങളുടെ കയറ്റുമതിയിലും ഇക്കാലയളവിൽ രാജ്യം വൻ മുന്നേറ്റം നടത്തിയതായി മന്ത്രാലയം അറിയിച്ചു.

*********************

## Sivankutty

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ സ്കൂളുകളിൽ ഈ മാസം തന്നെ നേരിട്ടെത്തി സുരക്ഷാ പരിശോധന നടത്തുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. സർക്കാർ -എയ്ഡഡ് സ്കൂളുകളിൽ പരിശോധന നടത്തിയ ശേഷം അൺ-എയ്ഡഡ് സ്കൂളുകളിലും പരിശോധന നടത്തും. സമയബന്ധിതമായി ഓഡിറ്റിങ് നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശം. ഇത് സംബന്ധിച്ച് നാളെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം ചേരുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

*********************

## Rain -Kerala

കേരളത്തിൽ അഞ്ചുദിവസം കൂടി മഴ ശക്തമായി തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. 9 ജില്ലകളിൽ ഇന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ശക്തമായ കാറ്റിനും സംസ്ഥാനത്ത് സാധ്യതയുണ്ട്. കേരള-കർണാടക തീരത്ത് നാളെവരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം 24 വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

*********************

## HIMACHAL WEATHER

ഹിമാചൽ പ്രദേശിലും അതിശക്തമായ മഴ തുടരുകയാണ്. ഷിംലയുൾപ്പെടെ സംസ്ഥാനത്തിൻറെ വിവിധ മേഖലകളിൽ കനത്ത മഴയാണ് ഇന്നലെ രാത്രിയിലടക്കം അനുഭവപ്പെട്ടത്.

മണ്ണിടിച്ചിലിനെ തുടർന്ന സംസ്ഥാനത്തെ 142 ഓളം റോഡുകളിൽ ഗതാഗതം നിർത്തിവച്ചു. വൈദ്യുതി വിതരണത്തെയും, കുടിവെള്ള വിതരണ സംവിധാനങ്ങളെയും മഴ സാരമായി

ബാധിച്ചു. മഴക്കെടുതികളിൽ ജൂൺ മുതൽ ഇതുവരെ 125 പേർക്കാണ് ഹിമാചലിൽ ജീവൻ നഷ്ടമായത്.

*********************

## Women cricket

ഇന്ത്യ-ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും ഏകദിനം നാളെ ചെസ്റ്റർ-ലെ-സ്ട്രീറ്റിൽ നടക്കും. രണ്ടാം മത്സരത്തിൽ ഇംഗ്ലണ്ട് എട്ടു വിക്കറ്റിന് ഇന്ത്യയെ പരാജയപ്പെടുത്തിയിരുന്നു. ഇതോടെ പരമ്പരയിൽ ഇരു ടീമുകളും ഓരോ കളി വീതം ജയിച്ച് സമനിലയിലാണ്. നാളത്തെ കളിയിൽ വിജയിക്കുന്ന ടീമാണ് പരമ്പര സ്വന്തമാക്കുക.

*********************

## Test cricket

ഇന്ത്യ - ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം മറ്റന്നാൾ മാഞ്ചെസ്റ്ററിൽ ആരംഭിക്കും . നാലാം മത്സരത്തിനൊരുങ്ങുന്ന ഇന്ത്യൻ ടീമിന് വെല്ലുവിളിയാകുന്നത് ടീമംഗങ്ങളുടെ പരിക്കാണ്. വിക്കറ്റ്കീപ്പർ ഋഷഭ് പന്തിനും പേസർ അർഷ്ദീപ് സിങ്ങിനും പിന്നാലെ, മറ്റൊരു പേസറായ ആകാശ്ദീപിനും പരിശീലനത്തിനിടെ പരിക്കേറ്റിരുന്നു . അഞ്ച് മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 2-1 ന് പിന്നിലാണ്.

*********************

## CHESS WORLD CUP

ജോർജിയയിൽ നടക്കുന്ന FIDE വനിതാ ചെസ് ലോകകപ്പിൽ, ചരിത്രം കുറിച്ച് ഇന്ത്യയുടെ കൊനേരു ഹംപി. FIDE വനിതാ ചെസ് ലോകകപ്പിൽ സെമിഫൈനലിൽ എത്തുന്ന ആദ്യ ഇന്ത്യൻ വനിത എന്ന നേട്ടമാണ് കൊനേരു ഹംപി സ്വന്തമാക്കിയത്. ക്വാർട്ടർ ഫൈനലിൽ ചൈനയുടെ സോങ് യുക്സിനെയാണ് ഹംപി പരാജയപ്പെടുത്തിയത്.

*********************

## **SENSEX-GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 327 പോയിന്റ് ഉയർന്ന് 82,084 ലും, നിഫ്റ്റി 85 പോയിന്റ് കൂടി 25,054 ലും വ്യാപാരം തുടരുന്നു .

സ്വർണവില കൂടി. പവന് 80 രൂപ വർധിച്ച് 73,440 രൂപയും ,ഗ്രാമിന് 9,180 രൂപയുമാണ് ഇന്നത്തെ വില .

**********************

***************

***

आकाशवाणी